പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3156 | | 22.06.2012 ൽ മറുപടിയ്ക്ക് |
|---|---|---|
| കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള പദ്ധതികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. എം. ഹംസ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ കൗമരാക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, സംരക്ഷണം, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നല്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; വിശദീകരിക്കുമോ; | (എ) സംസ്ഥാനത്തെ കൗമരാക്കാരായ പെൺകുട്ടികൾക്കായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ് (സബല) - 11 മുതൽ 18 വയസ്സ് വരെയുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ സ്കിൽസ് ഉയർത്തുന്നതിനും ഇതോടൊപ്പം അവരെ ശാക്തീകരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് സബല. കേരളത്തിൽ കൊല്ലം, ഇടുക്കി ,പാലക്കാട്, മലപ്പുറം ജില്ലകളെയാണ് ടി പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.<br>2. കിശോരി ശക്തി യോജന- 100 % കേന്ദ്രസഹായത്തോടെ ആരംഭിച്ച കിശോരി ശക്തി യോജന പദ്ധതി ഐസിഡിഎസ് പ്ലാറ്റ്ഫോം വഴിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 18 വരെയുള്ള കൗമാരക്കാരായ പെൺകുട്ടികളാണ്. സബല പദ്ധതി നടപ്പിലാക്കുന്ന ജില്ലകൾ ഒഴികെയുള്ള മറ്റു ജില്ലകളിലെ 174 ഐസിഡിഎസ് പ്രോജക്ടുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br>3. സൈക്കോസോഷ്യൽ സർവ്വീസസ് ടു അഡോളസന്റ് ഗേൾസ്-സംസ്ഥാന പദ്ധതി- സംസ്ഥാനത്തെ തിരഞ്ഞെടുത്ത 500 സ്കൂളുകളിൽ ഈ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് കൗമാര പ്രായക്കാരായ സ്കൂൾ |

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3157 22.06.2012 ൽ മറുപടിയ്ക്ക്

**കാൻസർ സുരക്ഷാ ഫണ്ടിൽ നിന്നുള്ള ധനസഹായം**

ചോദ്യം ഉത്തരം

ഡോ. ടി. എം. തോമസ് ഐസക് **ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിലുള്ള കാൻസർ സുരക്ഷാ ഫണ്ടിലേയ്ക്ക് 2011-12 സാമ്പത്തിക വർഷം എന്ത് തുക നീക്കിവച്ചിരുന്നു ; | എ | 2 കോടി 82 ലക്ഷം രൂപ നീക്കിവച്ചിരുന്നു |
| ബി | കാൻസർ ബാധിച്ച കുട്ടികൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും എന്ത് തുകയാണ് നൽകി വരുന്നത് ; | ബി | കാൻസർ സുരക്ഷാ പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സയ്ക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് ആദ്യ ഘട്ടത്തിൽ 50,000/- രൂപ അനുവദിക്കും. തുടർ ചികിത്സയ്ക്കായി 50,000/- രൂപയിലധികം ചെലവഴിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ പരിധിയില്ലാതെ തുക ചെലവഴിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| സി | 2011-2012ൽ എത്ര കുട്ടികൾക്ക് സഹായധനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | സി | കുട്ടികൾക്ക് നേരിട്ട് ധനസഹായം നല്കുന്നില്ല. 614 കുട്ടികൾക്ക് കാൻസർ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി | പ്രസ്തുത ഫണ്ടിൽ നിന്നും ധനഹായം ആവശ്യപ്പെട്ടുകൊണ്ട് 2011-12 കാലയളവിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര അപേക്ഷകളിന്മേലാണ് ഇനി തീരുമാനമെടുക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ? | ഡി | സൗജന്യ ചികിത്സയ്ക്ക് പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. രോഗിക്ക് ഈ പദ്ധതിയിലൂടെ സൗജന്യ ചികിത്സയാണ് നൽകി വരുന്നത്. നേരിട്ട് ധനസഹായം നൽകുന്നില്ല. ചികിത്സ ആവശ്യമുള്ള കുട്ടികൾ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ സൗജന്യ ചികിത്സ തേടിയെത്തുന്ന മുറയ്ക്കാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് ഉൾപ്പെടുത്താവുന്ന എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ